പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2992

11/12/2014 ലെ മറുപടിക്ക്

കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം എയ്ഡഡ് സ്കൂളുകളിലാണ് കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം കാണിച്ച് തട്ടിപ്പ് നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം കാണിച്ചതുവഴി എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർണ്ണമായും പൂർത്തിയായാൽ മാത്രമെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ . ഹൈക്കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് വാങ്ങിയ സ്കൂളിലെ ഫിക്സേഷൻ പൂർത്തീകരിച്ചിട്ടില്ല. |
| (സി) | കുട്ടികളുടെ പ്രവേശനത്തിൽ കൃത്രിമം കാണിച്ചതുവഴി അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ടോ; | (സി) | പരിശോധന നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഓഫീസിലെ സൂപ്പർചെക്ക് സെല്ലും കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന സൂപ്പർചെക്ക് സെല്ലും കൂടി 93 സ്കൂളുകളിൽ പരിശോധന നടത്തിയിരുന്നു. അവയിൽ പ്രഥമദൃഷ്ട്യാ ക്രമക്കേട് കണ്ടെത്തിയ 2 സ്കൂളുകൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കൃത്രിമം കാണിച്ച സ്കൂളുകൾക്കും അദ്ധ്യാപകർക്കും എതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ഡി) | സൂപ്പർ ചെക്ക് പരിശോധനയിൽ വ്യാജ അഡ്മിഷൻ നടത്തിയതുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയ രണ്ട് സ്കൂളായ കട്ടച്ചൽക്കുഴി എസ്.എൻ.യു.പി.എസ്, എം.സി.എച്ച്.എസ്. കോട്ടുകാൽക്കോണം എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരെയും മറ്റ് അദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 52 പേരെ സസ്പെൻറ് ചെയ്തിട്ടുണ്ട്. |
| (ഇ) | എയ്ഡഡ് സ്കൂൾ പ്രവേശനത്തിൽ വ്യാപകമായ ക്രമക്കേടുകളും തട്ടിപ്പും നടക്കുന്നുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്ര പരിശോധനയ്ക്ക് തയ്യാറാകുമോ? | (ഇ) | ഡി.പി.ഐ.മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ